ബസ്സുകൾ കൂട്ടിയിടിച്ച് നിരവധി പേർക്ക് പരിക്ക്

കുന്നംകുളം ഗേൾസ് ഹൈസ്കൂളിന് സമീപം പഴയ കോടതിപ്പടി സ്റ്റോപ്പിനടുത്ത് സ്വകാര്യ ബസിന് പുറകിൽ കെഎസ്ആർടിസി ബസിടിച്ച് അപകടം.15 ഓളം പേർക്ക് പരിക്കേറ്റു. ഇന്ന് രാവിലെ 8.15 നായിരുന്നു അപകടം.കുന്നംകുളം ഭാഗത്തേക്ക് വരികയായിരുന്ന സ്വകാര്യ ബസിന് പുറകിൽ കെഎസ്ആർടിസി ബസ് ഇടിച്ചു കയറുകയായിരുന്നു. പരിക്കേറ്റവരിൽ അധികവും ബസ്സിന് പുറക് ഭാഗത്ത് ഇരുന്ന വരാണ്.. കെഎസ്ആർടിസി ബസ്സിൽ ഉണ്ടായിരുന്നവർക്കും പരിക്കേറ്റിട്ടുണ്ട്. പരിക്കേറ്റവരെ ദയ ,താലൂക്ക് ആശുപത്രി,മലങ്കര ആശുപത്രി എന്നിവിടങ്ങളിൽ പ്രവേശിപ്പിച്ചു.

സ്ഥാപിതം
1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

www.swathanthramandapam.com വാള്യം: 62 ലക്കം: 157 2026 സെപ്തംബർ 12 ശനി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

ഇ.ഡിക്ക് രാഷ്ട്രീയ ലക്ഷ്യം; എല്ലാം ഉണ്ടയില്ലാ വെടി: പിണറായി വിജയൻ

തിരു: ഇ.ഡിയുടെ കത്ത് പുറത്തുവന്നതിനെതിരെ പ്രതിപക്ഷ നേതാവ് പിണറായി വിജയൻ. പൊലീസ് മേധാവിക്ക് അയച്ച കത്ത് എങ്ങനെ പുറത്തായി. എല്ലാം ഇ.ഡിതന്നെ മാധ്യമങ്ങൾക്ക് കൊടുക്കുന്നു. തനിക്ക് ഇ.ഡിയുടെ കത്തോ അറിയിപ്പോ ലഭിച്ചിട്ടില്ലെന്ന് പിണറായി.

ഇ.ഡി നീങ്ങുന്നത് രാഷ്ട്രീയ ലക്ഷ്യത്തോടെയെന്നും അന്വേഷണം തന്നിലേക്കെത്തിക്കാനുള്ള ശ്രമമെന്നും പിണറായി വിജയൻ പറഞ്ഞു. മുഖ്യമന്ത്രിയായിരിക്കെ സിഎംആർ എല്ലിന് ഒരു സഹായവും നൽകിയിട്ടില്ലെന്നും പിണറായി.

ഇടപാടുകൾ താൻ സമ്മതിച്ചുവെന്ന തരത്തിലുള്ള ഇ.ഡി വാർത്തകൾ പച്ചക്കള്ളവും ശുദ്ധനുണയുമാണ്. ഇ.ഡി മനസ്സിൽ കാണുന്ന കാര്യങ്ങൾ ഉടൻ തന്നെ വാർത്തയായി മാറുന്ന സ്ഥിതിയാണുള്ളത്. സുപ്രീം കോടതി തള്ളിക്കളഞ്ഞ കാര്യങ്ങളാണ് ഇപ്പോൾ പുതിയ പേരുകളിൽ വീണ്ടും ഉയർത്തിക്കൊണ്ടുവരുന്നത്. രാഷ്ട്രീയ ലക്ഷ്യത്തോടെയുള്ള ഇ.ഡിയുടെ ഈ നീക്കങ്ങളെ നിയമപരമായി തന്നെ നേരിടുമെന്നും പിണറായി വിജയൻ കൂട്ടിച്ചേർത്തു.

'ഇടപാടുകൾ വീണ സമ്മതിച്ചുവെന്ന ഇ.ഡി വാർത്ത പച്ചക്കള്ളമെന്ന് പിണറായി വിജയൻ. റെഡ് ബുക്കൊക്കെ ശുദ്ധനുണയാണ്. ഇ.ഡി മനസിൽ കാണുന്നത് ഉടൻ വാർത്തയാകുന്നു. ഒന്നിലും സങ്കടമില്ല. എല്ലാം രാഷ്ട്രീയത്തിന്റ ഭാഗം. പാർട്ടിയുടെ ഭാഗമായതിനാലാണ് തകർക്കാൻ ശ്രമം. ഇഡിയുടെ നീക്കം പ്രവചിക്കാനാകില്ലെന്നും പിണറായി. പ്രസ്ഥാനത്തെ തകർക്കാമെന്ന് കരുതുന്നത് ദുർമോഹമെന്ന് പിണറായി വിജയൻ. അതിന് ശ്രമിക്കുന്നവരോട് സഹതാപം മാത്രം. ഉയർന്നതെല്ലാം മനുഷ്യത്വരഹിതമായ ആക്രമണങ്ങളെന്നും വന്ന ഒരാരോപണവും നിയമത്തിന് മുന്നിൽ നിലനിൽക്കില്ലെന്നും പിണറായി

നിയമത്തെ രാഷ്ട്രീയ ആയുധമാക്കാനും തേജോവധം ചെയ്യാനുമുള്ള ഗൂഢനീക്കമാണ് ഇതിന് പിന്നിലുള്ളതെന്നും അദ്ദേഹം ആരോപിച്ചു. എന്റെ സംശുദ്ധി ഇല്ലാതാക്കാൻ ഇത്തരം ആരോപണങ്ങൾക്ക് കഴിയില്ലെന്നും ഇഡിയുടേത് വെറും 'ഉണ്ടയില്ലാ വെടി'യാണെന്നും വ്യക്തമാക്കി. ഞങ്ങൾ ഇതിലൊന്നും ഞെട്ടിപ്പോകില്ലെന്നും അദ്ദേഹം തുറന്നടിച്ചു.

പ്രസ്ഥാനത്തെ തകർക്കാമെന്ന് കരുതുന്നത് വെറും ദുർമോഹം മാത്രമാണെന്നും അതിന് ശ്രമിക്കുന്നവരോട് സഹതാപം മാത്രമാണുള്ളതെന്നും വ്യക്തമാക്കി മുൻ മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവുമായ പിണറായി വിജയൻ. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് കത്ത് പുറത്തുവിട്ടതുമായി ബന്ധപ്പെട്ട വിവാദങ്ങളിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. തനിക്കെതിരായ ഉയർന്നതെല്ലാം മനുഷ്യത്വരഹിതമായ ആക്രമണങ്ങളാണെന്നും ഇതുവരെ വന്ന ഒരു ആരോപണവും നിയമത്തിന് മുന്നിൽ നിലനിന്നിട്ടില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി എൽ.ഡി.എഫിന് തുടർഭരണം ലഭിച്ചതിന് പിന്നാലെ, എൽ. ഡി.എഫിനെയും സി. പി. ഐ.എമ്മിനെയും തകർക്കുകയെന്ന ലക്ഷ്യത്തോടെ വലതുപക്ഷശക്തികൾ ഒന്നിച്ചണിനിരന്ന് സംഘടിത ആക്രമണം നടത്തുകയാണെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ.

വൈദ്യുതി പ്രതിസന്ധിക്ക് കാരണം മുൻ സർക്കാർ: മന്ത്രി സണ്ണി ജോസഫ്

തിരു : സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധിക്ക് കാരണം മുൻ സർക്കാരെന്ന് വൈദ്യുതി മന്ത്രി സണ്ണി ജോസഫ്. പ്രതിസന്ധിക്ക് പെട്ടെന്നുള്ള പരിഹാരമില്ലെന്നും ദീർഘകാല പദ്ധതികൾ തന്നെയാണ് പരിഹാരമെന്നും അദ്ദേഹം പറഞ്ഞു. വേനൽക്കാലത്ത് ഉപയോഗം ഇരട്ടിയാകുമെന്നും ഒരു മാദ്ധ്യമത്തോട് സംസാരിക്കവെ സണ്ണി ജോസഫ് വ്യക്തമാക്കി.

അതേസമയം, സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി വരും ദിവസങ്ങളിലും തുടരും. വൈദ്യുതി മുടങ്ങുന്നതുമൂലം ജനം നേരിടുന്ന ദുരിതത്തിന് പെട്ടെന്നുള്ള പരിഹാരം കെഎസ്ഇബിക്ക് മുന്നിലില്ല. പ്രശ്ന പരിഹാരത്തിന് എല്ലാ ശ്രമവും നടത്താൻ മന്ത്രി സണ്ണി ജോസഫ് കഴിഞ്ഞ ദിവസം വിളിച്ചു ചേർത്ത ഉന്നതതലയോഗം തീരുമാനിച്ചു. മുന്നറിയിപ്പില്ലാതെയുള്ള വൈദ്യുതി മുടക്കത്തിന് പകരം, അറിയിപ്പ് നൽകാൻ തീരുമാനമെടുത്തു. അപ്രതീക്ഷിതമായി വൈദ്യുതി മുടങ്ങുന്നത് പ്രതിഷേധത്തിനിടയാക്കിയ സാഹചര്യത്തിലാണിത്. ഇതിനായി 'വിത്ത് യു' എന്ന ആപ്പ് ഉപയോഗിക്കാവുന്നതാണ്.

ഹവാലപണം വിദേശത്തേക്ക് കടത്തി, ചാറ്റുകൾ തെളിവ്; ഇഡി റിപ്പോർട്ടിൽ മുഹമ്മദ് റിയാസിനെതിരെ ആരോപണം

തിരു : സിഎംആർഎൽ എക്സാലോജിക് കേസിൽ മുൻ മന്ത്രി മുഹമ്മദ് റിയാസിനും സുഹൃത്തുക്കൾക്കും പങ്കുണ്ടെന്ന് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ (ഇഡി) റിപ്പോർട്ട്. റിയാസും സുഹൃത്തുക്കളും വിദേശത്തേക്ക് ഹവാല പണം കടത്തിയതുസംബന്ധിച്ച ചാറ്റുകളടക്കം തെളിവുകൾ ഉണ്ടെന്നും ഇഡി അവകാശപ്പെടുന്നു. ഈ സാമ്പത്തിക ഇടപാടുകൾക്ക് വീണ സഹായിയായി പ്രവർത്തിച്ചെന്നാണ് ഇഡിയുടെ നിഗമനം.

സംസ്ഥാന പോലീസ് മേധാവിക്ക് നൽകിയ 25 പേജുള്ള റിപ്പോർട്ടിലാണ് ഹവാല ഇടപാടുകളെക്കുറിച്ചുള്ള വിവരങ്ങൾ ഇഡി വിശദീകരിക്കുന്നത്. തിരുവനന്തപുരത്ത് ബേക്കറി ജങ്ഷനിലുള്ള വീട്ടിൽ നടത്തിയ പരിശോധനയിൽ ചുവന്ന കവറുള്ള ഒരു ഡയറി ലഭിച്ചിരുന്നു. ഈ ഡയറിയിലെ ഒൻപത് പേജുകളിൽ സാമ്പത്തിക ഇടപാടുകളെക്കുറിച്ചുള്ള സൂചനകൾ ഉണ്ടായിരുന്നു. ഇതിന്റെ തുടർച്ചയായി കോഴിക്കോട്ട് റിയാസിന്റെയും സുഹൃത്തുക്കളുടെയും വീടുകളിലും ഓഫീസുകളിലും നടത്തിയ പരിശോധനയിൽ ലഭിച്ച മൊഴികളും ഇലക്ട്രോണിക് ഉപകരണങ്ങളിൽനിന്നുള്ള ചാറ്റുകളുമാണ് ഇഡി തെളിവുകളായി ചൂണ്ടിക്കാണിക്കുന്നത്.

സിഎംആർഎല്ലിൽനിന്ന് എക്സാലോജിക്കിന് ലഭിച്ച 3.28 കോടി രൂപയ്ക്ക് കൃത്യമായ കണക്കുകളുണ്ടെങ്കിലും അതിനപ്പുറമുള്ള സാമ്പത്തിക ഇടപാടുകൾ നടന്നിട്ടുണ്ടെന്നാണ് ഡയറിയിൽനിന്നുള്ള വിവരം. വിദേശത്തേക്ക് കടത്തിയ ഈ പണത്തിന്റെ ഉറവിടവും പണം ആര്, എന്തിനുവേണ്ടി നൽകി എന്നതും കണ്ടെത്തേണ്ടതുണ്ട്.

2024 മുതലുള്ള ചില വിദേശയാത്രകളുടെ വിവരങ്ങൾകൂടി ഉൾപ്പെടുത്തി വിഷയത്തിൽ വിജിലൻസ് പ്രാഥമിക അന്വേഷണം നടത്തണമെന്നാണ് ഇഡി ആവശ്യപ്പെടുന്നത്.

സി.പി.എം വിശാല സംസ്ഥാന കമ്മിറ്റി യോഗം നാളെ; പാർട്ടി നേതൃത്വത്തിൽ അഴിച്ചുപണിക്ക് സാധ്യത

കോഴിക്കോട്: നിയമസഭാ തെരഞ്ഞെടുപ്പിലെ കനത്ത തിരിച്ചടികൾ വിലയിരുത്തുന്നതിനും ജനവിശ്വാസം തിരിച്ചുപിടിക്കുന്നതിനുമുള്ള തിരുത്തൽ നടപടികൾ ചർച്ച ചെയ്യാനും ആവശ്യമെങ്കിൽ നേതൃത്വത്തിൽ മാറ്റം വരുത്താനുമായി സി.പി.എമ്മിന്റെ വിശാല സംസ്ഥാന സമിതി യോഗം നാളെ കോഴിക്കോട് ആരംഭിക്കും. സെപ്റ്റംബർ 13 മുതൽ 15 വരെ മൂന്ന് ദിവസങ്ങളിലായാണ് യോഗം ചേരുന്നത്. ബ്രാഞ്ച് തലം മുതൽ പോളിറ്റ് ബ്യൂറോ വരെയുള്ള അംഗങ്ങൾ യോഗത്തിൽ പങ്കെടുക്കും. തുടർന്ന് ബ്രാഞ്ച് തലത്തിൽ നടന്ന ചർച്ചകളിലൂടെ പരാജയത്തിന്റെ അഭിപ്രായം ആരാഞ്ഞ് ലഭിച്ച ഇരുപതിനായിരത്തിലധികം അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സമഗ്ര റിപ്പോർട്ടും യോഗത്തിൽ പ്രധാനമായും ചർച്ച ചെയ്യും. ജനങ്ങളിൽ നിന്ന് നേരിട്ട് ലഭിച്ച അഭിപ്രായങ്ങൾ ആയതിനാൽ സംഘടനാപരമായ ദൗർബല്യങ്ങൾ പരിഹരിച്ച് രാഷ്ട്രീയ പ്രതിസന്ധികളെ മറികടക്കുക എന്നതാണ് യോഗത്തിന്റെ പ്രധാന ലക്ഷ്യം.

യോഗത്തിന്റെ ഔദ്യോഗിക അജണ്ടയിൽ സംസ്ഥാന നേതൃമാറ്റത്തെക്കുറിച്ച് പരാമർശിക്കുന്നില്ലെങ്കിലും ആവശ്യമെങ്കിൽ മാറ്റങ്ങൾ വരുത്താൻ സാധ്യതയേറെയാണ്. നിലവിലെ നേതൃത്വവുമായി മുന്നോട്ടുപോയാൽ പാർട്ടിക്ക് അതിജീവനം പ്രയാസകരമാകുമെന്ന് കരുതുന്ന ഒരു വിഭാഗം സംസ്ഥാന സമിതി അംഗങ്ങൾ ഇതിനായി ശക്തമായ നിലപാട് എടുത്തിട്ടുണ്ട്. എന്നാൽ ഈ നീക്കങ്ങളെ പ്രതിരോധിക്കാൻ എതിർ ചേരിയും കരുക്കൾ നീക്കി തുടങ്ങി.

നേതൃമാറ്റത്തെ പ്രതിരോധിക്കാൻ ശ്രമിക്കുന്ന ചേരിയിലെ അംഗങ്ങൾ കഴിഞ്ഞ ദിവസങ്ങളിൽ നടന്ന ചില പ്രധാന യോഗങ്ങളിൽ മുതിർന്ന നേതാക്കളുടെ സാന്നിധ്യത്തിൽ നയപരമായ വിശദീകരണങ്ങൾ നൽകിയിരുന്നു. ഇത് പാർട്ടിയെ പ്രതിരോധത്തിലാക്കിയിട്ടുണ്ട്. ഒരു വിഭാഗം ശക്തമായി നേതൃമാറ്റം ആവശ്യപ്പെടുമ്പോൾ അത് അംഗീകരിക്കാതെ മുന്നോട്ട് പോകുന്നത് പാർട്ടിയുടെ ഭാവി പ്രവർത്തനങ്ങളെ ബാധിക്കുമെന്ന വിലയിരുത്തലും നേതൃത്വം നടത്തുന്നുണ്ട്. കേരളത്തിലെ സി.പി.എം ചരിത്രത്തിൽ ഇത്തരത്തിൽ ഒരു വിപുലീകൃത സംസ്ഥാന സമിതി വിളിച്ചുചേർക്കുന്നത് ഇതാദ്യമായാണ്.

സംസ്ഥാന സമിതി അംഗങ്ങൾ, ജില്ലാ സെക്രട്ടേറിയേറ്റ് അംഗങ്ങൾ, വർഗ്ഗ-ബഹുജന സംഘടനകളിലെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ ഉൾപ്പെടെ ആകെ 307 പേരാണ് നിർണ്ണായക യോഗത്തിൽ പങ്കെടുക്കുന്നത്. യോഗത്തിന്റെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാൻ ജനറൽ സെക്രട്ടറി എം.എ. ബേബി ഉൾപ്പെടെ അഞ്ച് പൊളിറ്റ് ബ്യൂറോ അംഗങ്ങളും കോഴിക്കോട്ടേക്കെത്തും. ലോക്സഭാ തെരഞ്ഞെടുപ്പ് തിരിച്ചടികൾക്ക് ശേഷം സി.പി. എം ദേശീയതലത്തിൽ സമാനമായ വിശാല യോഗങ്ങൾ ചേർന്നിട്ടുണ്ടെങ്കിലും, കേരളത്തിൽ ആദ്യമായി നടക്കുന്ന ഈ വിശാല സംസ്ഥാന സമിതി യോഗം പാർട്ടിയുടെ ഭാവി രാഷ്ട്രീയ ഗതിയിൽ നിർണ്ണായകമാകും.

രാജ്യത്ത് 13,186 എം.ബി.ബി.എസ് സീറ്റുകൾ കൂടി; കേരളത്തിൽ 300 പുതിയ സീറ്റുകൾ, കൂടിയത് സ്വകാര്യ മേഖലയിൽ

ന്യൂഡൽഹി: രാജ്യത്ത് 2026-27 അധ്യയന വർഷത്തേക്ക് 13,186 എം.ബി.ബി.എസ് സീറ്റുകൾ കൂടി അനുവദിച്ച് ദേശീയ മെഡിക്കൽ കമീഷൻ. ഇതോടെ രാജ്യത്തെ 836 മെഡിക്കൽ കോളജുകളിലായി ആകെ എം.ബി.ബി.എസ് സീറ്റുകളുടെ എണ്ണം 1,40,214 ആയി ഉയർന്നു.

445 സർക്കാർ മെഡിക്കൽ കോളജുകളിലായി 2,786 സീറ്റുകൾ വർധിപ്പിച്ച് ആകെ സർക്കാർ സീറ്റുകൾ 63,971 ആയി. 391 സ്വകാര്യ മെഡിക്കൽ കോളജുകളിലായി 10,400 സീറ്റുകൾ വർധിച്ച് ആകെ സ്വകാര്യ സീറ്റുകൾ 76,243 ആയി മാറിയതായും എൻ.എം.സിയുടെ സീറ്റ് മാട്രിക്സിൽ പറയുന്നു.

വിവിധ മെഡിക്കൽ കോളജുകളിലെ സീറ്റ് വർധനക്ക് ദേശീയ മെഡിക്കൽ കമീഷൻ അനുമതി നൽകിയിരുന്നു. മെഡിക്കൽ വിദ്യാഭ്യാസത്തിന് കൂടുതൽ വിദ്യാർഥികൾക്ക് അവസരം ഒരുക്കുക, രാജ്യത്തെ ഡോക്ടർമാരുടെ ലഭ്യത വർധിപ്പിക്കുക എന്നിവ ലക്ഷ്യമിട്ടാണ് സീറ്റ് വർധന.

പുതിയ സീറ്റുകളുടെ എണ്ണത്തിൽ കർണാടകയാണ് മുന്നിൽ. 1,650 സീറ്റുകളാണ് കർണാടകയിൽ വർധിച്ചത്. 76 മെഡിക്കൽ കോളജുകളിലായി 15,745 സീറ്റുകളുണ്ട് നിലവിൽ കർണാടകയിൽ. 1,250 പുതിയ സീറ്റുകളുമായി തമിഴ്നാടും (ആകെ 14,299 സീറ്റുകൾ), 1,240 സീറ്റുകൾ വർധിപ്പിച്ച് ബിഹാറും, 1,200 സീറ്റുകൾ വർധിപ്പിച്ച് ഉത്തർപ്രദേശുമാണ് തൊട്ടുപിന്നിൽ.

കേരളത്തിൽ 300 പുതിയ എം.ബി.ബി.എസ് സീറ്റുകളാണ് വർധിപ്പിച്ചത്. സ്വകാര്യ മെഡിക്കൽ കോളജുകളിലാണ് ഈ വർധനവ്. സ്വകാര്യ മേഖലയിലെ 22 കോളജുകളിലായി ആകെ സീറ്റുകൾ 3,899 ആയി ഉയർന്നു. സംസ്ഥാനത്തെ 14 സർക്കാർ മെഡിക്കൽ കോളജുകളിൽ പുതിയ സീറ്റുകളൊന്നും അനുവദിച്ചിട്ടില്ല. എന്നാൽ നിലവിലെ 1,855 സീറ്റുകൾ പുതുക്കി നൽകി. ഇതോടെ കേരളത്തിലെ 36 സർക്കാർ, സ്വകാര്യ മെഡിക്കൽ കോളജുകളിലായി ആകെ എം.ബി.ബി.എസ് സീറ്റുകളുടെ എണ്ണം 5,754 ആയി.

അതേസമയം, അനുവദിച്ച പരിധിക്കപ്പുറം വിദ്യാർഥികൾക്ക് പ്രവേശനം നൽകിയാൽ 2019ലെ എൻ.എം.സി ആക്ട് പ്രകാരം കർശന നിയമനടപടികൾ സ്വീകരിക്കുമെന്ന് എൻ.എം.സി മുന്നറിയിപ്പ് നൽകി. കൗൺസിലിങ് നടപടികൾ ആരംഭിക്കുന്നതിന് മുന്നോടിയായി കോളജുകൾ തങ്ങളുടെ വിവരങ്ങൾ പരിശോധിക്കണമെന്നും സീറ്റ് മാട്രിക്സിൽ വ്യതിയാനങ്ങൾ കണ്ടാൽ മെഡിക്കൽ അസസ്മെന്റ് ആൻഡ് റേറ്റിങ് ബോർഡിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്നും എൻ.എം.സി അറിയിച്ചു.

ഹൂതികൾ ചെങ്കടലിന്റെ നിയന്ത്രണം പിടിച്ചു; പ്രധാന ക്രൂഡ് പൈപ്പ് ലൈൻ അടച്ച് സൗദി; എണ്ണവില കുതിക്കുന്നു

റിയാദ്: ചെങ്കടൽ മേഖലയിൽ തുടരുന്ന ഹൂതി ആക്രമണങ്ങളുടെ പശ്ചാത്തലത്തിൽ പശ്ചിമേഷ്യയിൽ സംഘർഷാവസ്ഥ തുടരുന്നു. സൗദി അറേബ്യയിലെ ഈസ്റ്റ്-വെസ്റ്റ് എണ്ണ പൈപ്പ്ലൈനിന് നേരെയുണ്ടായ ഡ്രോൺ ആക്രമണങ്ങളെ തുടർന്ന് പൈപ്പ്ലൈനിന്റെ പ്രവർത്തനം താൽക്കാലികമായി നിർത്തിവച്ചതായി സൗദി ഊർജ മന്ത്രാലയം അറിയിച്ചു. റിയാദ്, മദീന മേഖലകളിലാണ് വ്യാഴാഴ്ച മുതൽ ആക്രമണങ്ങളുണ്ടായത്. ഇറാഖിൽനിന്നാണ് ഡ്രോണുകൾ എത്തിയതെന്നാണ് റിപ്പോർട്ടുകൾ.

സൗദിയുടെ കിഴക്കൻ പ്രവിശ്യയിലെ അബ്ഖൈഖ് എണ്ണപ്പാടങ്ങളിൽനിന്ന് ചെങ്കടൽ തുറമുഖമായ യാൻബുവിലേക്ക് ക്രൂഡ് ഓയിൽ എത്തിക്കുന്ന 750 മൈൽ നീളമുള്ള പ്രധാന പാതയാണിത്. പ്രതിദിനം 50 ലക്ഷം മുതൽ 70 ലക്ഷം ബാരൽവരെ എണ്ണ കൊണ്ടുപോകാൻ ശേഷിയുള്ള പൈപ്പ് ലൈനാണിത്. ഹോർമുസിന് ബദലായി ഉപയോഗിക്കാനാവുന്ന ചെങ്കടലിലെ സമുദ്രപാതയാണ് സംഘർഷത്തിൽപ്പെട്ടിരിക്കുന്നത്.

ഇതിനിടയിൽ, ചെങ്കടലിന്റെ പ്രവേശന കവാടത്തിലെ തന്ത്രപ്രധാനമായ പെരിം ദ്വീപ് വെള്ളിയാഴ്ച ഹൂതി സേന പിടിച്ചെടുത്തത് പ്രതിസന്ധി കൂടുതൽ രൂക്ഷമാക്കിയിട്ടുണ്ട്. വ്യാഴാഴ്ച യെമെനിലെ തുറമുഖ നഗരമായ മോഖയും ഹൂതി വിമതർ പിടിച്ചെടുത്തിരുന്നു. മോഖ പിടിച്ചതോടെ ഹൂതികൾ ചരക്കുപാതയായ ബാബ് എൽ മാണ്ടെബ് കടലിടുക്കിന് 80 കിലോമീറ്റർ അടുത്തെത്തി. ആഗോള ചരക്കുനീക്കത്തിന്റെ 12 ശതമാനം കടന്നുപോകുന്നത് സൂയസ് കനാലിലേക്കുള്ള കവാടമായ ബാബ് എൽ മാണ്ടെബ് കടലിടുക്കിലൂടെയാണ്. യെമന്റെ ചെങ്കടൽ തീരവും ബാബ് എൽ മാണ്ടെബും പിടിച്ചെടുത്തയായി ഹൂതികൾ പ്രഖ്യാപിച്ചതോടെ ഇതുവഴിയുള്ള ചരക്കുനീക്കം അവരുടെ നിയന്ത്രണത്തിലാകും.

ഹോർമുസിന് ബദലായി ഉപയോഗിക്കാനാവുന്ന ചെങ്കടലിലെ സമുദ്രപാതയും സംഘർഷമേഖലയായതോടെ ലോക എണ്ണവിപണിയും പ്രതിസന്ധിയിലായിട്ടുണ്ട്. വെള്ളിയാഴ്ച അന്താരാഷ്ട്ര വിപണിയിൽ ബ്രെന്റ് ക്രൂഡ് ഓയിൽ വില ബാരലിന് 105 മുതൽ 110 ഡോളർ വരെ ഉയർന്നു. യു.എസിൽ ഡീസൽ വില ഗാലന് ചരിത്രത്തിലെ ഉയർന്ന നിരക്കായ 6.05 ഡോളറിലെത്തുകയും (കാലിഫോർണിയയിൽ 7.98 ഡോളർ) പെട്രോൾ വില 4.29 ഡോളറാകുകയും ചെയ്തു.

അതിനിടെ, ഹൂതികളുടെ മുന്നേറ്റത്തെ പ്രശംസിച്ച ഇറാൻ നേതൃത്വം യെമെന് മേലുള്ള സൗദിയുടെ ഉപരോധം അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അതേസമയം, ഹോർമുസ് കടലിടുക്ക് തുറക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾക്കായി ഒമാൻ ഗൾഫ് രാജ്യങ്ങളുടെ യോഗം വിളിച്ചു ചേർക്കാൻ ഒരുങ്ങുന്നതായും റിപ്പോർട്ടുകളുണ്ട്.

ഏഴുവർഷത്തെ ഇടവേളയ്ക്കുശേഷം ചൈനീസ് പ്രസിഡന്റ് ഇന്ത്യയിൽ; മോദിയുമായി കൂടിക്കാഴ്ച വൈകിട്ട്



ന്യൂഡൽഹി: ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി ചൈനീസ് പ്രസിഡന്റ് ഷീ ജിൻപിംഗ് ഇന്ത്യയിലെത്തി. വിദേശകാര്യ സഹമന്ത്രി ജിതിൻ പ്രസാദയാണ് അദ്ദേഹത്തെ സ്വീകരിച്ചത്. ഏഴു വർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് ഷീ ഇന്ത്യയിലെത്തുന്നത്. ഷീയും പ്രധാനമന്ത്രി നരേന്ദ്രമോദിയും ഇന്ന് വൈകിട്ട് 5.45ന് നിർണായക കൂടിക്കാഴ്ച നടത്തും.

വികസ്വര രാജ്യങ്ങളുടെ കൂട്ടായ്മയായ ബ്രിക്സിന്റെ 18-ാമത് ഉച്ചകോടിക്ക് ന്യൂഡൽഹി ഭാരത് മണ്ഡപത്തിൽ ഇന്ന് തുടക്കമാവും. ഉച്ചയ്ക്ക് രണ്ടു മണിക്ക് 'ഇൻക്ലൂസീവ് ഗ്ലോബൽ ഗവേണൻസും ശാക്തീകരണ ബഹുമുഖത്വവും' എന്ന വിഷയത്തിൽ അടച്ചിട്ട മുറിയിലെ ചർച്ചയാണ് ഇന്നത്തെ പ്രധാന പരിപാടി. രാത്രി ഏഴരക്ക് ഭാരത് മണ്ഡപത്തിന്റെ ലെവൽ മൂന്ന് ഓഡിറ്റോറിയത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി നേതാക്കൾക്ക് അത്താഴ വിരുന്നൊരുക്കും. ഉച്ചയ്ക്ക് ഭാരത് മണ്ഡപത്തിലെ ലെവൽ രണ്ട് ഓഡിറ്റോറിയത്തിലെത്തുന്ന ബ്രിക്സ് നേതാക്കൾ ഒന്നിച്ച് ഗ്രൂപ്പ് ഫോട്ടോക്ക് അണിനിരക്കും.

വൈകിട്ട് നേതാക്കൾ ബ്രിക്സ് ഓർമ്മയ്ക്കായി വൃക്ഷത്തൈകൾ നടും. സമാപന ദിവസമായ നാളെ പരിപാടികൾ രാവിലെ 9.55ന് തുടങ്ങും. പ്രതിരോധശേഷി, നവീകരണം, സഹകരണം, സുസ്ഥിരത എന്നിവ അടിസ്ഥാനമാക്കിയുള്ള ബ്രിക്സ് അജണ്ടയുടെ ഭാഗമായുള്ള ചർച്ചയാണ് പ്രധാനം. തുടർന്ന് ലോകം കാതോർക്കുന്ന ബ്രിക്സ് പ്രഖ്യാപനത്തോടെ ഉച്ചകോടി സമാപിക്കും.

മൂന്ന് ദിവസത്തെ ഇന്ത്യ സന്ദർശനത്തിനായി റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ ഇന്നലെതന്നെ ഇന്ത്യയിലെത്തിയിരുന്നു. ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനൊപ്പം പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി ഉഭയകക്ഷി വ്യാപാരം, നിക്ഷേപം, ഊർജ സഹകരണം തുടങ്ങിയ വിഷയങ്ങളിലും ചർച്ച നടത്തുന്നതിനായാണ് സന്ദർശനം.

ഇന്നും ഉയർന്ന താപനില മുന്നറിയിപ്പ്

തൃശ്ശൂർ: സംസ്ഥാനത്ത് ഇന്നും ഉയർന്ന താപനില മുന്നറിയിപ്പ്. മൂന്നു മുതൽ നാലു ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരും എന്നാണ് കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ പ്രവചനം. പകൽ 11 മുതൽ മൂന്നു വരെയുള്ള സമയത്ത് പൊതുജനങ്ങൾ ജാഗ്രത പാലിക്കണമെന്നാണ് ദുരന്തനിവാരണ അതോറിറ്റിയുടെ നിർദ്ദേശം. സൂര്യാതപവും നിർജലീകരണം അടക്കമുള്ള പ്രശ്നങ്ങളും തടയാൻ പ്രതിരോധ മാർഗങ്ങളും സ്വീകരിക്കണം

ജയിലിൽ നിന്ന് പിടിച്ചെടുത്ത പ്രജ്വൽ രേവണ്ണയുടെ ഫോണിൽ നിരവധി അശ്ലീല വിഡിയോകൾ; ഫോറൻസിക് റിപ്പോർട്ട് പുറത്ത്

ബംഗളൂരു: പീഡനക്കേസിൽ ജീവപര്യന്തം തടവുശിക്ഷ അനുഭവിക്കുന്ന മുൻ ജെ.ഡി.എസ് (ജനതാ ദൾ സെക്യുലർ) എം.പി. പ്രജ്വൽ രേവണ്ണ ജയിലിൽ ഉപയോഗിച്ച മൊബൈൽ ഫോണിൽനിന്ന് നിരവധി അശ്ലീല വിഡിയോകൾ കണ്ടെത്തിയതായി ഫോറൻസിക് പരിശോധനാ റിപ്പോർട്ട്. ആഗസ്റ്റ് 11-ന് പരപ്പന അഗ്രഹാര സെൻട്രൽ ജയിലിലെ ഉയർന്ന സുരക്ഷാ ബാരക്കിൽ നടത്തിയ പരിശോധനയിലാണ് പ്രജ്വൽ മൊബൈൽ ഫോൺ ഉപയോഗിക്കുന്നതായി കണ്ടെത്തിയത്. തുടർന്ന് പിടിച്ചെടുത്ത ഫോണും പെൻഡ്രൈവും ഫോറൻസിക് പരിശോധനയ്ക്ക് അയച്ചിരുന്നു. ഫോണിൽ നിരവധി അശ്ലീല വിഡിയോകളും പെൻഡ്രൈവിൽ വെബ് സീരീസുകളും ഉണ്ടായിരുന്നതായി പരിശോധനയിൽ കണ്ടെത്തി.

മുൻ പ്രധാനമന്ത്രി എച്ച്.ഡി. ദേവഗൗഡയുടെ കൊച്ചുമകനും കേന്ദ്രമന്ത്രി എച്ച്.ഡി. കുമാരസ്വാമിയുടെ അനന്തരവനുമായ പ്രജ്വൽ രേവണ്ണ പീഡനക്കേസിൽ ജീവപര്യന്തം തടവുശിക്ഷ അനുഭവിച്ചുവരികയാണ്. ബംഗളൂരുവിലെ പരപ്പന അഗ്രഹാര സെൻട്രൽ ജയിലിലാണ് ഇദ്ദേഹം കഴിയുന്നത്. സംഭവത്തോടെ ബംഗളൂരുവിലെ സെൻട്രൽ ജയിലിൽ 'വി.ഐ.പി.' തടവുകാർക്ക് ലഭിക്കുന്ന പ്രത്യേക പരിഗണന സംബന്ധിച്ച ചർച്ചകൾ വീണ്ടും സജീവമായി.

48കാരിയായ സ്ത്രീയെ ബലാത്സംഗം ചെയ്യുകയും ലൈംഗികാതിക്രമത്തിന്റെ ദൃശ്യങ്ങൾ പ്രചരിപ്പിക്കുകയും ചെയ്ത കേസിലാണ് രേവണ്ണയ്ക്ക് കഴിഞ്ഞ വർഷം ജീവപര്യന്തം ശിക്ഷ ലഭിച്ചത്. ഹാസൻ ജില്ലയിലുള്ള ഹൊളേനരസിപുരയിലെ രേവണ്ണയുടെ കുടുംബത്തിന്റെ ഫാം ഹൗസിൽ വീട്ടുജോലിക്കാരിയായിരുന്നു ഇരയായ സ്ത്രീ. 2021 മുതൽ പ്രജ്വൽ രേവണ്ണ തന്നെ പലതവണ ബലാത്സംഗം ചെയ്തതായി ഇവർ ആരോപിച്ചിരുന്നു. സംഭവത്തിന്റെ ദൃശ്യങ്ങൾ ഇദ്ദേഹം പകർത്തുകയും ഇക്കാര്യം പുറത്തുപറഞ്ഞാൽ വിഡിയോകൾ പുറത്തുവിടുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തതായി പരാതിയിൽ പറയുന്നു.

രേവണ്ണയുടെ സെല്ലിൽ നിന്ന് മൊബൈൽ ഫോൺ കണ്ടെത്തിയതിനെ തുടർന്ന് ജയിൽ ഉദ്യോഗസ്ഥരിൽ ഒരാളെ സസ്പെൻഡ് ചെയ്യുകയും അന്വേഷണം പ്രഖ്യാപിക്കുകയും ചെയ്തിരുന്നു.

വരടിയം സർവ്വീസ് സഹകരണ ബാങ്ക് Ltd. No. 575

പി ഒ അവണൂർ, പിൻ-680541, ഫോൺ: 0487 2211232

ക്വട്ടേഷൻ പരസ്യം

ബാങ്കിന്റെ വാർഷിക പൊതുയോഗത്തിൽ അംഗങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി Airtight Square Containers (PP) (Average Capacity 5000 Ml. 3500 Ml) പതിനായിരം എണ്ണം വീതം ബാങ്കിന്റെ പേരോടുകൂടി സപ്ലൈ ചെയ്യുന്നതിനായി അംഗീകൃത ഏജൻസി/ കമ്പനികളിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. ക്വട്ടേഷനുകൾ ലഭിക്കേണ്ട അവസാന തിയ്യതി **22-09-2026 11 a.m.**

വരടിയം,
11-09-2026.

ആജ്ഞാനുസരണം,
സെക്രട്ടറി

കോടതി പരസ്യം

ബഹു. തൃശ്ശൂർ കുടുംബ കോടതി മുമ്പാകെ

OP 1086/2024

ലിജിഷ.എം.ആർ, 26 വയസ്സ്, D/o രാമചന്ദ്രൻ, അകത്തറ ഹൗസ്, മായന്നൂർ പി.ഒ, മായന്നൂർ വില്ലേജ്, തലപ്പിള്ളി താലൂക്ക്, തൃശ്ശൂർ ജില്ല. പിൻ : 679105

-ഹർജിക്കാരി

വിനീത്.കെ.എസ്, 32 വയസ്സ്, S/o സേതുമാധവൻ, കോഴികരിഞ്ഞാലിൽ ഹൗസ്, ചേലക്കര, തോന്നൂർക്കര പി.ഒ, തോന്നൂർക്കര വില്ലേജ്, തലപ്പിള്ളി താലൂക്ക്, തൃശ്ശൂർ ജില്ല, പിൻ : 679105

-എതൃകക്ഷി

പത്രപരസ്യം

മേൽ നമ്പറിലെ എതൃകക്ഷിക്കുള്ള നോട്ടീസ് പത്രത്തിൽ പരസ്യം ചെയ്യുവാൻ കൽപ്പിച്ച് മേൽ നമ്പർ കേസ് **17-09-2026** തിയ്യതിക്ക് വെച്ചിരിക്കുന്നു. അന്നേ ദിവസം ടി എതൃകക്ഷി പകൽ 11 മണിക്ക് ബഹുമാനപ്പെട്ട കോടതി മുമ്പാകെ ഹാജരാകേണ്ടതും അല്ലാത്ത പക്ഷം ടിയാനെ കൂടാതെ മേൽ നമ്പർ കേസ് തീർപ്പാക്കുന്നതാണെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന് 10-9-2026
ഹർജിഭാഗം അഡ്വക്കേറ്റ് :
ഷാനി കെ.കൃഷ്ണൻ (ഒപ്പ്)

കോടതി പരസ്യം

ബഹു. ഇരിങ്ങാലക്കുട അഡീഷ്ണൽ മുൻസിഫ് കോടതി മുമ്പാകെ

O.S.No. 568 OF 2025

വരാക്കര ഭഗവതി നിധി (P) Ltd വരന്തരപ്പിള്ളി

-വാദി

ചാലക്കുടി താലൂക്ക് കുറ്റിച്ചിറ വില്ലേജ് കുറ്റിച്ചിറ ദേശത്ത് പ്ലാവളപ്പിൽ കൃഷ്ണൻ മകൻ സത്യദേവൻ

-3-ാം പ്രതി

മേൽ നമ്പ്രിൽ 3-ാം പ്രതിക്കുള്ള സമൻസ് കോടതിയിലും വാസസ്ഥലത്തും പതിച്ചു നടത്താൻ അനുവദിച്ച് മേൽ നമ്പ്ര് കേസ് **05-11-2026** തീയ്യതിയിലേക്ക് വച്ചിരിക്കുന്നു. ടി കാര്യത്തിൽ എന്തെങ്കിലും ആക്ഷേപമുള്ളവർ നേരിട്ടോ നിയമാനുസൃതമായ ഏജന്റ് മുഖാന്തിരമോ കോടതി മുമ്പാകെ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതാണ് എന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 13-9-2026
വാദിഭാഗം അഡ്വക്കേറ്റ്
സി.വി സാബുരാജ്
(ഒപ്പ്)

RNI No. 7675/1964, Edited, Printed & Published by A. Mohammed at Mangalodayam Printers Printers, Thrissur-4

പന്തലിന്റെ സ്വിച്ച് ഓൺ കർമ്മം നടത്തി

ഇരിങ്ങാലക്കുട: മാപ്രാണം കുരിശിന്റെ പുകഴ്ചയുടെ തിരുനാളിനോട് അനുബന്ധിച്ച് സെന്റ് ജോൺ കപ്പേളയുടെ സമീപത്ത് ഉയർത്തിയ ബഹുനില പന്തലിന്റെ സ്വിച്ച് ഓൺ കർമ്മം വൈകിട്ട് നൊവേനയ്ക്ക് ശേഷം കൂടിയ യോഗത്തിൽ മാപ്രാണം ഹോളിക്രോസ് തീർത്ഥ കേന്ദ്രം റെക്ടറും വികാരിയുമായ റവറന്റ് ഫാദർ ആന്റോ പാണാടൻ സ്വിച്ച് ഓൺ കർമ്മം നിർവഹിച്ച് ഉദ്ഘാടനം നടത്തി. സെപ്റ്റംബർ 13 14 15 തീയതികളിൽ ആണ് മാപ്രാണം ഹോളിക്രോസ് തീർത്ഥാടന കേന്ദ്രത്തിൽ തിരുന്നാൾ ആഘോഷിക്കുന്നത് യോഗത്തിൽ അസിസ്റ്റന്റ് വികാരി ഫാ ക്ലിന്റൺ പെരിഞ്ചേരി ജനറൽ കൺവീനർ വർഗീസ് വള്ളിശ്ശേരി പബ്ലിസിറ്റി കൺവീനർ തോമസ് കോപ്പുള്ളി കൈക്കാരന്മാരായ ജെയിംസ് നെല്ലിശ്ശേരി ആന്റണി മഞ്ഞളി പബ്ലിസിറ്റി ജോയിൻ കൺവീനർ ബൈജു കുറ്റിക്കാടൻ മറ്റു കമ്മിറ്റി അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി

മാപ്രാണം തിരുന്നാളിനോടനുബന്ധിച്ച് 95അടി ഉയരം ഉള്ള ബഹു നിലപന്തൽ ദിപാലംകൃതമായപ്പോൾ

നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ചേറ്റുവ ഫിഷിംഗ് ഹാർബറിൽ 30.3 കോടി രൂപയുടെ പ്രവർത്തനങ്ങൾ

ചാവക്കാട്: 4.5 കോടി രൂപ ചെലവിൽ വാർഫും ലേലഹാളും നിർമ്മിക്കുന്നതിൻറെ പൈലിംഗ് പ്രവൃത്തി എം. എൽ.എ. എൻ.കെ. അക്ബർ ഉദ്ഘാടനം ചെയ്തു. ചേറ്റുവ ഫിഷിംഗ് ഹാർബറിൻറെ നവീകരണത്തിനായി വിവിധ പദ്ധതികളാണ് നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നത്. ഭൂരിഭാഗം പദ്ധതികളും ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിച്ചു.

ടെട്രാപോഡ് ഉപയോഗിച്ച് പുലിമുട്ടുകൾ നവീകരിക്കുന്നതിനും എക്സ്റ്റെൻഷനുമായി 14.6 കോടി രൂപയുടെ പദ്ധതിയാണ് നടപ്പിലാക്കുന്നത്. ടെട്രാപോഡുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. നിലവിലുള്ള വാർഫിൻറെയും ലേലഹാളിൻറെയും നവീകരണം, ഹാർബറിനകത്തെ റോഡുകൾ , തെരുവ് വിളക്കുകൾ, കുടിവെള്ള സംവിധാനം തുടങ്ങിയവയുടെ നവീകരണം എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ബണ്ടുകളുടെ പുനരുജ്ജീവനം, ആന്തരിക പാതകൾ, വാഹനങ്ങൾ നിർത്തിയിടാനുള്ള സ്ഥലം, ചുറ്റുമതിൽ, വഴിവിളക്കുകൾ, സ്വയം പ്രവർത്തിത ചരക്കുനീക്കസംവിധാനം, നിരീക്ഷണസംവിധാനം തുടങ്ങിയവയും പദ്ധതിയുടെ ഭാഗമായി ഹാർബറിൽ സ്ഥാപിക്കുന്നതാണ്. ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് സേവ്യർ പി.കെ, ജനപ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, ഹാർബർ എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥർ, ഹാർബറിലെ തൊഴിലാളികൾ, തുടങ്ങിയവർ സന്നിഹിതരായിരുന്നു .

ഫയർ ആൻഡ് സേഫ്റ്റി സ്പോട്ട് അഡ്മിഷൻ 17ന്

തൃശൂർ: കെൽട്രോണിന്റെ കോഴിക്കോട് നോളജ് സെന്ററിൽ പ്രൊഫഷണൽ ഡിപ്ലോമ ഇൻ ഫയർ ആൻഡ് സേഫ്റ്റി കോഴ്സിലെ ഒഴിവുള്ള സീറ്റുകളിലേക്ക് സെപ്റ്റംബർ 17-ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. എസ്.എസ്.എൽ.സി യാണ് പ്രവേശന യോഗ്യത. താത്പര്യമുള്ളവർ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുമായി കോഴിക്കോട് റെയിൽവേ സ്റ്റേഷൻ ലിങ്ക് റോഡിലെ അംബേദ്കർ ബിൽഡിംഗിൽ പ്രവർത്തിക്കുന്ന കെൽട്രോൺ നോളജ് സെന്ററിൽ നേരിട്ട് ഹാജരാകണം. ഫോൺ: 9526871584, 0495 2301772.

ഗതാഗത നിയന്ത്രണം

തൃശൂർ: ആറങ്ങോട്ടുകര തളി തിച്ചൂർ റോഡിൽ തളി സെന്റർ മുതൽ നടുവട്ടം വരെ ടാറിങ് നടക്കുന്നതിനാൽ സെപ്റ്റംബർ ഇന്ന് മുതൽ റോഡ് പണി തീരുന്നത് വരെ ഇതുവഴിയുള്ള വാഹനഗതാഗതം ഭാഗികമായി തടസ്സപ്പെടുമെന്ന് വടക്കാഞ്ചേരി പി.ഡബ്ല്യു.ഡി നിരത്തുകൾ സെക്ഷൻ അസി. എഞ്ചിനീയർ അറിയിച്ചു.

ഇ-ടെണ്ടർ ക്ഷണിച്ചു

തൃശൂർ: ദേശീയ ആരോഗ്യ ദൗത്യത്തിന് കീഴിലുള്ള വിവിധ പദ്ധതികൾക്കായി കരാർ വ്യവസ്ഥയിൽ മാസവാടകയടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് വാഹനങ്ങൾ ലഭ്യമാക്കുന്നതിന് താൽപര്യമുള്ള ഉടമകളിൽ നിന്ന് ഇ-ടെണ്ടറുകൾ ക്ഷണിച്ചു. വെബ്സൈറ്റ്: www.etenders.kerala.gov.in, www.arogyakeralam.gov.in ഫോൺ: 0487 2325824.

യോഗ ഇൻസ്ട്രക്ടർ, വൊക്കേഷണൽ ഇൻസ്ട്രക്ടർ അഭിമുഖം 17 ന്

തൃശ്ശൂർ: ഗവ. ആശാഭവൻ, പ്രത്യാശാഭവൻ എന്നീ സ്ഥാപനങ്ങളിലേക്ക് യോഗ ഇൻസ്ട്രക്ടർ, വൊക്കേഷണൽ ഇൻസ്ട്രക്ടർ തസ്തികകളിൽ നിയമനം നടത്തുന്നു. ആവശ്യമായ അറിവും സർട്ടിഫിക്കറ്റുകളും പ്രായോഗിക പരിശീലനവും പ്രവൃത്തിപരിചയവുമുളളവർക്ക് സെ.17 ന് രാവിലെ 10.15 ന് തൃശ്ശൂർ വിമല കോളേജിൽ നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കാം. ഫോൺ: 8547248573.

നിര്യാതനായി

ഗോപാലൻ

ഇരിങ്ങാലക്കുട : കാറുകുളങ്ങര കുറ്റിക്കാട്ട് ഗോപാലൻ 74 നിര്യാതനായി ഭാര്യ : ജയശ്രീ മക്കൾ : സൗമ്യ : സനൂപ് സംസ്ക്കാരം ഇരിങ്ങാലക്കുട മുക്തി സ്ഥാനിൽ നടന്നു

പട്ടയവിതരണം സംസ്ഥാന സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയിലെ സുപ്രധാന ഘടകം-മന്ത്രി എ.പി. അനിൽ കുമാർ

തൃശൂർ: സംസ്ഥാന സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയിലെ ഏറ്റവും സുപ്രധാനമായ ഘടകമാണ് പട്ടയവിതരണമെന്ന് റവന്യൂ വകുപ്പ് മന്ത്രി എ.പി. അനിൽ കുമാർ പറഞ്ഞു. തൃശ്ശൂർ കെ. കരുണാകരൻ സ്മാരക ടൗൺഹാളിൽ നടന്ന തൃശ്ശൂർ ജില്ലയിലെ പട്ടയമേള ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. നൂറുദിനങ്ങൾ കൊണ്ട് 5,000 പട്ടയങ്ങൾ വിതരണം ചെയ്യാനായിരുന്നു പ്രാഥമികമായി ലക്ഷ്യമിട്ടിരുന്നതെങ്കിലും മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുന്ന പാലക്കാട് നടക്കാനിരിക്കുന്ന സംസ്ഥാനതല പട്ടയമേളയോടെ 10,000-ത്തിലധികം പട്ടയങ്ങൾ വിതരണം ചെയ്യാൻ സാധിക്കുമെന്നും മന്ത്രി പറഞ്ഞു. 25,000 ഭൂമി തരംമാറ്റ അപേക്ഷകൾ തീർപ്പാക്കാനായിരുന്നു വകുപ്പിന്റെ തീരുമാനം. എന്നാൽ, ഇതിനകം തന്നെ 30,000-ത്തിലധികം എണ്ണത്തിൽ നടപടി പൂർത്തിയായിട്ടുണ്ട്. ഇത് 50,000 ആയി ഉയർത്താനാണ് വകുപ്പ് ലക്ഷ്യമിടുന്നത്. തൃശൂർ ജില്ലയിൽ മാത്രം 6,000 ഭൂമി തരംമാറ്റ അപേക്ഷകളിൽ തീർപ്പാക്കനായതായും മന്ത്രി പറഞ്ഞു.

സ്വന്തമായി ഭൂമിയില്ലാത്തവർക്കും വർഷങ്ങളായി കൈവശം വച്ചിരിക്കുന്ന ഭൂമിക്ക് ആവശ്യമായ രേഖകളില്ലാത്തവർക്കും ഭൂമിയും ഭൂമിക്ക് അവകാശ രേഖയും ലഭ്യമാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. വനഭൂമി, തീരദേശം, മലയോര മേഖലകൾ എന്നിവ ഉൾപ്പെടുന്നതിനാൽ കേരളത്തിലെ ഭൂപ്രശ്നങ്ങൾ സങ്കീർണ്ണമാണ്. പിന്നോക്ക വിഭാഗങ്ങൾക്കും അർഹരായവർക്കും ഭൂമി ലഭ്യമാക്കുക എന്നതിനാണ് സർക്കാർ പ്രഥമ പരിഗണന നൽകുന്നതെന്നും മന്ത്രി പറഞ്ഞു. മത്സ്യത്തൊഴിലാളികൾ, ആദിവാസികൾ തുടങ്ങിയ വിഭാഗങ്ങൾക്ക് അർഹമായ ഭൂമി അനുവദിക്കുന്നതിനാണ് വരും വർഷങ്ങളിൽ സർക്കാർ മുൻഗണന നൽകുന്നത്. പട്ടയത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധമില്ലാത്തതിനാൽ അപേക്ഷ നൽകാൻ സാധിക്കാത്ത ആദിവാസി വിഭാഗങ്ങളെ ട്രൈബൽ കോ-ഓർഡിനേറ്റർമാർ വഴി അപേക്ഷ സമർപ്പിക്കാൻ സഹായിക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ജനങ്ങൾക്ക് അവകാശപ്പെട്ട സേവനങ്ങൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്നത് ഓരോ ഉദ്യോഗസ്ഥന്റെയും ഉത്തരവാദിത്തമാണ്. ഓഫീസുകളിലെത്തുന്ന പൊതുജനങ്ങളോട് മാന്യമായി പെരുമാറാൻ ജീവനക്കാർ ശ്രദ്ധിക്കണം. ഒരു ആവശ്യത്തിനായി ജനങ്ങൾ പലതവണ ഓഫീസുകൾ കയറിയിറങ്ങേണ്ടി വരുന്നത് അംഗീകരിക്കാനാവില്ല. ഒറ്റത്തവണ കൊണ്ട് എല്ലാ പ്രശ്നങ്ങളും പരിഹരിക്കാൻ കഴിഞ്ഞില്ലെങ്കിലും കൃത്യമായ ദിവസം നിശ്ചയിച്ച് മറുപടി നൽകാൻ ശ്രമിക്കണമെന്നും മന്ത്രി പറഞ്ഞു.

പ്രകൃതിദുരന്തങ്ങളിലെ രക്ഷാപ്രവർത്തനം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ റവന്യൂ ഉദ്യോഗസ്ഥരുടെ സേവനം പ്രശംസനീയമാണ്. ഉദ്യോഗസ്ഥർ ഇടനിലക്കാരെ വെച്ചു കൊണ്ട് പ്രവർത്തിക്കുന്നതിനോ മറ്റ് ആനുകൂല്യങ്ങൾ പ്രതീക്ഷിക്കുന്നതിനോ എതിരെ കർശ്ശന നടപടി സ്വീകരിക്കും. റവന്യൂ വകുപ്പിന്റെ കീഴിലുള്ള വിജിലൻസ് ടീമുകളുടെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതിനൊപ്പം വില്ലേജ്, താലൂക്ക് ഓഫീസുകളിൽ കൃത്യമായ പരിശോധനകൾ തുടരുന്നതാണെന്നും മന്ത്രി പറഞ്ഞു.

റവന്യൂ വകുപ്പ് മന്ത്രി എ.പി അനിൽകുമാർ പട്ടയമേള ഉദ്ഘാടനം ചെയ്ത ശേഷം വേദിയിൽവെച്ച് വിവിധ വിഭാഗത്തിലുള്ള 15 പട്ടയങ്ങൾ വിതരണം ചെയ്തു. സംസ്ഥാന സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി ജില്ലയിൽ 1175 പട്ടയങ്ങളാണ് വിതരണം ചെയ്തത്. ഇതിൽ 1021 ലാൻഡ് ട്രൈബ്യൂണൽ പട്ടയങ്ങളും, 105 വനഭൂമി പട്ടയങ്ങളും, 38 മിച്ചഭൂമി പട്ടയങ്ങളും, 11 ഇനാം പട്ടയങ്ങളും ഉൾപ്പെടുന്നു.

പരിപാടിയിൽ രാജൻ ജെ. പല്ലൻ എംഎൽ എ അധ്യക്ഷത വഹിച്ചു. എം.എൽ.എമാരായ കെ. രാജൻ, എ.സി മൊയ്തീൻ, കെ.കെ രാമചന്ദ്രൻ, കെ.കെ. വൽസരാജ്, അഡ്വ. തോമസ് ഉണ്ണിയാടൻ, സേവ്യർ ചിറ്റിലപ്പിള്ളി, തൃശ്ശൂർ കോർപ്പറേഷൻ മേയർ ഡോ. നിജി ജസ്റ്റിൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ്, തൃശൂർ കോർപ്പറേഷൻ കൗൺസിലർ ജോയ് ബാസ്റ്റിൻ ചാക്കോള, അസിസ്റ്റന്റ് കളക്ടർ എ.സി. പ്രീതി, ജില്ലാതല ഉദ്യോഗസ്ഥർ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു. ചടങ്ങിന് ജില്ലാ കളക്ടർ ശിഖ സുരേന്ദ്രൻ സ്വാഗതവും സബ് കളക്ടർ എഫ്തെദ മുഫസ്സിർ നന്ദിയും പറഞ്ഞു.

പട്ടയമേളയിൽ 1,175 പട്ടയങ്ങൾ വിതരണം ചെയ്തു

തൃശ്ശൂർ ജില്ലാതല പട്ടയമേളയിൽ വിവിധ ഇനങ്ങളിലായി ആകെ 1,175 പട്ടയങ്ങളാണ് വിതരണം ചെയ്തത്. ലാൻഡ് ട്രൈബ്യൂണൽ വിഭാഗത്തിൽ 1,021 പട്ടയങ്ങളും, വനഭൂമി ഇനത്തിൽ 105 പട്ടയങ്ങളും, 38 മിച്ചഭൂമി പട്ടയങ്ങളും, 11 ഇനാം പട്ടയങ്ങളും ഇതിൽ ഉൾപ്പെടുന്നു.ആദ്യ പട്ടയം ഏറ്റുവാങ്ങി ശാരദയും മകൻ ദിലീപ് കുമാറും

കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് & ഗൈഡ്സ് ഇരിങ്ങാലക്കുട ജില്ലയിലെ യു പി, ഹൈസ്കൂൾ, എച്ച് എസ് എസ് യൂണിറ്റ് ലീഡർമാരായ സ്കൗട്ട് ഗൈഡ് - റോവർ - റെയിഞ്ചർ അദ്ധ്യാപകരുടെ ജില്ലാ ഏകദിന സെമിനാർ അഡ്വ. തോമസ് ഉണ്ണിയാടൻ എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു.

കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് & ഗൈഡ്സ് ഏകദിന സെമിനാർ

ഇരിങ്ങാലക്കുട: കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് & ഗൈഡ്സ് ഇരിങ്ങാലക്കുട ജില്ലയിലെ യു പി, ഹൈസ്കൂൾ, എച്ച് എസ് എസ് യൂണിറ്റ് ലീഡർമാരായ സ്കൗട്ട് ഗൈഡ് - റോവർ - റെയിഞ്ചർ അദ്ധ്യാപകരുടെ ജില്ലാ ഏകദിന സെമിനാർ അഡ്വ. തോമസ് ഉണ്ണിയാടൻ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡണ്ട് സുഭാഷ് ചന്ദ്രദാസ് അദ്ധ്യക്ഷത വഹിച്ചു.

നഗരസഭാ ചെയർമാൻ എം.പി. ജാക്സൻ മുഖ്യാതിഥിയായിരുന്നു. സംസ്ഥാന റോവർ എച് ക്യു കമ്മീഷണർ ആയി നിയമനവും യുണൈറ്റഡ് അമേരിക്കൻ സർവകലാശാല ഡോക്ടറേറ്റും ലഭിച്ച ഡി. ഒ. സി കെ.ഡി.ജയപ്രകാശനെ ചടങ്ങിൽ ആദരിച്ചു.

ജില്ലാ ചീഫ് കമ്മിഷ്ണനറും ഡി ഇ ഒ യുമായ എം. എസ്. രാജീവ്, ജി.കെ. ഗിരീഷ്, ജില്ലാ സെക്രട്ടറി ഡൊമിനിക്ക് പാറേക്കാട്ട്, വാർഡ് കൗൺസിലർമാരായ ഡെലി സിജു യോഹന്നാൻ, കുര്യൻ ജോസഫ്, സംസ്ഥാന ട്രെയ്നിംഗ് കമ്മിഷ്ണർ, ആർ. എൻ ഉഷ, ഷേണായി, എ എസ് ഓ സി നൂറൽ അമീൻ, ജില്ലാ കമ്മീഷ്ണർ (എ. ആർ) എൻ സി.വാസു, ജില്ലാ ട്രെയ്നിംഗ് കമ്മിഷ്ണർ പി. എം. ഐഷാബി, പി.എ. സെയ്ത് മുഹമ്മദ്, പിജി . കൃഷ്ണനുണ്ണി, വി. എസ്. ദാസൻ, കെ.കെ. ജോയ്സി, വി.ബി. പ്രസാദ് എന്നിവർ പ്രസംഗിച്ചു.

മണ്ഡലം തിരിച്ചുള്ള പട്ടയ വിതരണ കണക്കുകൾ

നിയമസഭാ മണ്ഡലങ്ങൾ തിരിച്ചുള്ള പട്ടയ വിതരണത്തിൽ വടക്കാഞ്ചേരി മണ്ഡലത്തിൽ 185 എണ്ണവും ചേലക്കരയിൽ 157 പട്ടയങ്ങളും ഒല്ലൂരിൽ 143 പട്ടയങ്ങളും വിതരണം ചെയ്തു.

പുതുക്കാട് 113 എണ്ണവും, കുന്നംകുളത്ത് 106 എണ്ണവും, നാട്ടിക, ചാലക്കുടി മണ്ഡലങ്ങളിൽ 99 വീതവും പട്ടയങ്ങൾ വിതരണം ചെയ്തു. കൂടാതെ ഇരിങ്ങാലക്കുടയിൽ 60, മണലൂരിൽ 59, ഗുരുവായൂരിൽ 51, കൊടുങ്ങല്ലൂരിൽ 47 എന്നിങ്ങനെയും പട്ടയങ്ങൾ നൽകി. തൃശ്ശൂർ, കൈപ്പമംഗലം എന്നീ മണ്ഡലങ്ങളിൽ 28 വീതം പട്ടയങ്ങളാണ് ഗുണഭോക്താക്കൾക്ക് കൈമാറിയത്.

സ്വപ്നസാക്ഷാത്കാരമായി പട്ടയങ്ങൾ

മണലൂർ വില്ലേജിൽ കാണാട്ട് കൊച്ചുകുട്ടന്റെ ഭാര്യ ശാരദയും മകൻ ദിലീപ് കുമാറും 48 വർഷമായി താമസിക്കുന്ന ഭൂമിയുടെ പട്ടയം റവന്യൂ വകുപ്പ് മന്ത്രി എ.പി. അനിൽകുമാറിൽ നിന്ന് ഏറ്റുവാങ്ങി. തുടർന്ന്, മണലൂർ വില്ലേജിലെ സർവേ നമ്പർ 141/16ൽ ഉൾപ്പെട്ട ഭൂമിയിൽ താമസിച്ചുവരുന്ന രമേശിനും ഭാര്യ സരിതയ്ക്കും കാലങ്ങളായി താമസിച്ചുവരുന്ന ഭൂമിയ്ക്ക് അവകാശരേഖയെന്ന സ്വപ്നം കൈമാറി.

മിച്ചഭൂമി പട്ടയ വിതരണവും മറ്റ് ഗുണഭോക്താക്കളും

ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം തിരഞ്ഞെടുത്ത അർഹരായ ഗുണഭോക്താക്കൾക്ക് പട്ടയമേളയിൽ മിച്ചഭൂമി പട്ടയങ്ങൾ വിതരണം ചെയ്തു.

മരത്തംകോട് കിടങ്ങൂർ കോലാടിപ്പുണിയിൽ വീട്ടിൽ സുബ്രഹ്മണ്യന്റെ ഭാര്യയും തൊഴിലുറപ്പ് തൊഴിലാളിയുമായ സീത 50 വർഷത്തിലേറെയായി താമസിക്കുന്ന ഭൂമിയ്ക്ക് പട്ടയമേളയിൽ അവകാശരേഖ ലഭിച്ചു. പന്നിത്തടം സ്വദേശിയും ഹോട്ടൽ ജീവനക്കാരനുമായ ഉമ്മർ വി.പിക്കും 40 വർഷത്തിലേറെയായി വസിക്കുന്ന മണ്ണിന് പട്ടയം ലഭിച്ചു.

ചിരമണങ്ങാട് മരത്തംകോട് എം. കെ. ജി. നഗർ തോപ്പിൽ വീട്ടിലെ മത്സ്യത്തൊഴിലാളിയായ ഉമ്മർ ടി.ബിക്ക് ഭൂമിക്ക് രേഖയില്ലാത്തതിനാൽ നാല് പെൺമക്കളുടെ വിവാഹാവശ്യങ്ങൾക്കായി വായ്പയെടുക്കാൻ സാധിച്ചിരുന്നില്ല. ഭർത്താവ് മരണപ്പെട്ട പന്നിത്തടം ചൊവ്വല്ലൂർ വീട്ടിൽ മോളിക്കും 40 വർഷത്തോളമായി വസിക്കുന്ന ഭൂമിക്ക് പട്ടയം കിട്ടി . 78 വയസ്സുള്ള മരത്തംകോട് അമ്പലത്ത് വീട്ടിൽ നബീസയ്ക്കും കുടുംബത്തിനും വർഷങ്ങളുടെ നീണ്ട കാത്തിരിപ്പിനൊടുവിലാണ് ഭൂമിക്ക് അവകാശരേഖ ലഭിച്ചത്.

AILU ജില്ലാ സമ്മേളനം

ഇരിങ്ങാലക്കുട: AILU ജില്ലാ സമ്മേളനത്തോടനുബന്ധിച്ച് ഇരിങ്ങാലക്കുടയിൽ സമകാലിക ഇന്ത്യ ചോദ്യങ്ങൾ മുറിവുകൾ പ്രതീക്ഷകൾ എന്ന വിഷയത്തിൽ നടന്ന സെമിനാർ പ്രമുഖ എഴുത്തു കാരനും കവിയുമായ പി . എൻ ഗോപീകൃഷ്ണൻ മുഖ്യ പ്രഭാഷണം നടത്തി. ജനാധിപത്യ പ്രക്രിയയിലൂടെ സമൂഹം നവീകരിക്കാത്ത പക്ഷം ഫാസിസം അധികാരത്തിൽ വരുമെന്നതിന്റെ ഉദാഹരണമാണ് ഇന്നത്തെ ഇന്ത്യനവസ്ഥയെന്ന് അദ്ദേഹം പറഞ്ഞു .

അഡ്വ ഇ.കെ നാരായണൻ അഡ്വ വി . എൻ ഹരിദാസ് അഡ്വ പി.സുനിൽ അഡ്വ കെ. പി. അജയകുമാർ, അഡ്വ അഷ്റഫ് സാബാൻ, അഡ്വ. ഡിനി ലക്ഷ്മൺ,അഡ്വ. കെ. എൻ സിനിമോൾ അഡ്വ. നിർമ്മൽ മാത്യു എന്നിവർ ചർച്ചയിൽ പങ്കെടുത്തു ജില്ലാ സെക്രട്ടറി അഡ്വ കെ.ജി സന്തോഷ് കുമാർ സ്വാഗതവും അഡ്വ വി .പി. ലിസൻ നന്ദിയും രേഖപ്പെടുത്തി.

നിയന്ത്രണം വിട്ട ആംബുലൻസ് വീട്ടുമുറ്റത്തേക്ക് ഇടിച്ചു കയറി അപകടം

തൃശ്ശൂർ: കുരിയച്ചിറയിൽ ആംബുലൻസ് നിയന്ത്രണം വിട്ട് വീട്ടുമുറ്റത്തേക്ക് ഇടിച്ചു കയറി. കാഞ്ഞിരപറമ്പിൽ ഷാജിയുടെ വീട്ടിലേക്കാണ് ഇടിച്ചു കയറിയത്. വീടിന്റെ മതിലും റോഡരികിലെ വൈദ്യുതി പോസ്റ്റും തകർന്നു. ഡ്രൈവർ പരിക്കേൽക്കാതെ രക്ഷപ്പെട്ടു.

പോസ്റ്റ് ഓഫീസ് ആർ.ഡി നിക്ഷേപകർ ജാഗ്രത പാലിക്കണം- ദേശീയ സമ്പാദ്യ പദ്ധതി ഡെപ്യൂട്ടി ഡയറക്ടർ

തൃശൂർ: പോസ്റ്റ് ഓഫീസ് ആർ.ഡി അക്കൗണ്ട് ഉടമകളുടെ സാമ്പത്തിക സുരക്ഷിതത്വം മുൻനിർത്തി നിക്ഷേപകർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്ന് ദേശീയ സമ്പാദ്യ പദ്ധതി ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. അംഗീകൃത ഏജന്റുമാർ മുഖേനയോ നിക്ഷേപകർക്ക് നേരിട്ടോ പോസ്റ്റ് ഓഫീസിൽ തുക അടയ്ക്കാവുന്നതാണ്.

ഏജന്റിന്റെ കൈവശം തുക ഏൽപ്പിക്കുമ്പോൾ, തുക നൽകിയ ഉടൻ തന്നെ ഇൻവെസ്റ്റേഴ്സ് കാർഡിൽ ഏജന്റിന്റെ കയ്യൊപ്പ് വാങ്ങി സൂക്ഷിക്കേണ്ടതാണ്. എന്നാൽ, നിക്ഷേപകൻ നൽകിയ തുക പോസ്റ്റ് ഓഫീസിൽ ഒടുക്കിയതിനുള്ള ആധികാരികമായ രേഖ പോസ്റ്റ്മാസ്റ്റർ ഒപ്പിട്ട് സീൽ വെച്ച് നൽകുന്ന പാസ്ബുക്ക് മാത്രമാണ്. അതിനാൽ, എല്ലാ മാസവും അടുത്ത ഗഡു നൽകുന്നതിന് മുൻപായി പാസ്ബുക്കിൽ യഥാസമയം രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ടെന്ന് നിക്ഷേപകർ പരിശോധിച്ച് ബോധ്യപ്പെടേണ്ടതാണെന്നും ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

ഭാഗ്യക്കുറി ക്ഷേമനിധി അംഗത്വം പുനഃസ്ഥാപിക്കാൻ അവസരം

തൃശ്ശൂർ: ജില്ലാ ഭാഗ്യക്കുറി ക്ഷേമനിധിയിൽ അംഗത്വമെടുത്ത് അംശദായ അടവ് മുടങ്ങി അംഗത്വം റദ്ദായിപ്പോയ ഭാഗ്യക്കുറി ഏജന്റുമാർക്കും വിൽപ്പനക്കാർക്കും കുടിശ്ശിക തീർത്ത് അംഗത്വം പുനഃസ്ഥാപിക്കാൻ അവസരം. ഒക്ടോബർ ഒന്ന് മുതൽ 31 വരെ തൃശ്ശൂർ ജില്ലാ ഭാഗ്യക്കുറി ക്ഷേമനിധി ഓഫീസിൽ ഇതിനായി അപേക്ഷിക്കാം. താൽപര്യമുള്ളവർ ടിക്കറ്റ് അക്കൗണ്ട് ബുക്ക്, പാസ്ബുക്ക്, വൗച്ചറുകൾ എന്നിവ സഹിതം ഓഫീസിൽ നേരിട്ടെത്തേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കായി ഫോൺ: 0487 2360490.

ഇരിങ്ങാലക്കുട സെൻറ് ജോസഫ്സ് കോളേജിലെ ബയോടെക്നോളജി വിഭാഗം ദേശീയ സെമിനാർ സംഘടിപ്പിച്ചു

ഇരിങ്ങാലക്കുട സെൻറ് ജോസഫ്സ് ഓട്ടോണമസ് കോളേജിലെ ബയോടെക്നോളജി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ "പരമ്പരാഗത ചികിത്സയ്ക്കപ്പുറം: ആരോഗ്യപരിചരണത്തിലെ ജൈവസാങ്കേതികവിദ്യയുടെ പുതിയ യുഗം" എന്ന വിഷയത്തെ ആസ്പദമാക്കി ദേശീയ സെമിനാർ സെപ്റ്റംബർ 10 ന് കോളേജിൽ വെച്ച് നടന്നു.

കോളേജ് പ്രിൻസിപ്പൽ സിസ്റ്റർ സിജി പി.ഡി. അധ്യക്ഷയായ യോഗത്തിൽ ബയോടെക്നോളജി വിഭാഗം മേധാവി ഡോ. കവിത ഒ. സ്വാഗതം ആശംസിച്ചു. മംഗളൂരുവിലെ യനപോയ ഡീംഡ് ടു ബി യൂണിവേഴ്സിറ്റിയിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. ദിവ്യ ലക്ഷ്മണൻ എം. സെമിനാർ ഉദ്ഘാടനം ചെയുകയും തുടർന്ന് പ്രഭാഷണം നടത്തുകയും ചെയ്തു.

മെഡ്ജീനോം ലാബ്സ് പ്രൈവറ്റ് ലിമിറ്റഡിലെ ബയോ ഇൻഫോർമാറ്റിക്സ് അസോസിയേറ്റ് ഡയറക്ടർ ഡോ. ഉമ്മൻ കെ. മാത്യു , കോയമ്പത്തൂരിലെ ഡോ. എൻ.ജി.പി. ആർട്സ് ആൻഡ് സയൻസ് കോളേജിലെ അസോസിയേറ്റ് പ്രൊഫസർ ഡോ. രാധ പളനിസ്വാമി എന്നിവർ പ്രഭാഷണം നടത്തി.

സെൽഫ് ഫിനാൻസിംഗ് പ്രോഗ്രാംസ് കോ-ഓർഡിനേറ്റർ ഡോ. സിസ്റ്റർ റോസ് ബാസ്റ്റിൻ ആശംസകൾ അർപ്പിച്ചു. ബയോടെക്നോളജി വിഭാഗം അസോസിയേഷൻ സെക്രട്ടറി മിസ്. വേദ രഞ്ജിത്ത് പി.കെ. നന്ദി രേഖപ്പെടുത്തി.

ആരോഗ്യരംഗത്ത് പരമ്പരാഗത ചികിത്സാരീതികൾക്കപ്പുറം ബയോടെക്നോളജിയുടെ സാധ്യതകളും ആധുനിക ചികിത്സാ സമീപനങ്ങളും ചർച്ച ചെയ്യുന്നതിനുള്ള മികച്ച വേദിയായി ദേശീയ സെമിനാർ മാറി.

പുതുക്കാട് ഗ്രാമ പഞ്ചായത്ത് സ്പെഷ്യൽ ഗ്രാമസഭ

പുതുക്കാട്:മേൽപാല നിർമ്മാണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിന് കൂടിയ പുതുക്കാട് ഗ്രാമ പഞ്ചായത്ത് സ്പെഷ്യൽ ഗ്രാമസഭ മേൽപാലം പൂർണ്ണമായും തൂണിൽ നിർമ്മിക്കണമെന്ന് ഏകകണ്ഠമായി ആവശ്യപ്പെട്ടു.ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് രതിബാബു അദ്ധ്യക്ഷത വഹിച്ചു.വൈസ് പ്രസിഡന്റ് കെ ജെ ജോജു,ബ്ലോക്ക് പഞ്ചായത്തംഗം ഷാജു കാളിയേങ്കര,സ്ഥിരംസമിതി അദ്ധ്യക്ഷന്മാരായ ജോളി ചുക്കിരി,ശ്രീജ രാജേഷ് മെമ്പർ ജോയ് മഞ്ഞളി എന്നിവർ പ്രസംഗിച്ചു.

വിവിധരാഷ്ട്രീയ പ്രതിനിധികൾ,വ്യാപാരി സംഘടന പ്രതിനിധികൾ,പൊതു പ്രവർത്തകൾ എന്നിവർ സംസാരിച്ചു.

തൃശ്ശൂരിൽ പട്ടികജാതി-പട്ടിക വർഗ്ഗ കമ്മീഷൻ പരാതി പരിഹാര അദാലത്ത് സെപ്റ്റംബർ 24ന്

തൃശൂർ: സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ കമ്മീഷന്റെ നിലവിലുള്ള പരാതികളിൽ തീർപ്പ് കൽപ്പിക്കുന്നതിനായി തൃശ്ശൂർ ജില്ലയിൽ പരാതി പരിഹാര അദാലത്ത് നടത്തുന്നു. സെപ്റ്റംബർ 24-ന് തൃശ്ശൂർ കളക്ടറേറ്റ് കോൺഫറൻസ് ഹാളിലാണ് അദാലത്ത് സംഘടിപ്പിക്കുന്നത്. കമ്മീഷൻ അംഗങ്ങളായ അഡ്വ. സേതു നാരായണൻ, ടി.കെ. വാസു എന്നിവർ അദാലത്തിന് നേതൃത്വം നൽകും.

പട്ടികജാതി-പട്ടികവർഗ്ഗക്കാരുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുള്ള പരാതികളിൽ പരാതിക്കാരെയും എതിർകക്ഷികളെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും നേരിട്ട് കേൾക്കും. അദാലത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വികസനം, പോലീസ്, റവന്യൂ, കൃഷി, പഞ്ചായത്ത് തുടങ്ങി വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ പങ്കെടുക്കും.

കോടതി പരസ്യം

ബഹു തൃശ്ശൂർ കുടുംബ കോടതി മുമ്പാകെ

OP 1730/2025

തൃശ്ശൂർ ജില്ല, തലപ്പിള്ളി താലൂക്ക്, വടക്കാഞ്ചേരി വില്ലേജ്, കുമ്പളംങ്കാട് ദേശം, ഇരവകുളങ്ങര വീട്, പിൻ:680 590, കുറുമക്കാവ് ക്ഷേത്രത്തിന് സമീപം, 45 വയസ്സ്, പ്രസീത

-ഹർജിക്കാരി

തൃശ്ശൂർ ജില്ല, തലപ്പിള്ളി താലൂക്ക്, പെരിങ്ങണ്ടൂർ വില്ലേജ്, പിഒ. മുളങ്കുന്നത്ത്കാവ്, പിൻ:680 581, അമ്പലപുരം-പെരിങ്ങണ്ടൂർ സ്കുളിന് സമീപം, കീഴ്‌വീട്ടിൽ ഗോപാലൻ മകൻ 55 വയസ്സ്, പ്രതാപ്

-എതൃകക്ഷി

പരസ്യം

മേൽ നമ്പർ കേസിൽ എതൃകക്ഷിക്കുള്ള നോട്ടീസ് ടിയാന്റെ വാസസ്ഥലത്തും, കോടതിയിലും പതിച്ച് നടത്തുവാനും പത്രത്തിൽ പരസ്യം ചെയ്യുവാനും കല്പിച്ച് മേൽ നമ്പർ കേസ് **07-10-2026**-ാം തിയ്യതിക്ക് വിചാരണക്ക് വെച്ചിട്ടുള്ളതും ആക്ഷേപം ഉള്ളവർ അന്നേ ദിവസം പകൽ 11 മണിക്ക് ബഹുമാനപ്പെട്ട കോടതിയിൽ ഹാജരാകേണ്ടതാണെന്ന വിവരം ഇതിനാൽ അറിയിച്ച് കൊള്ളുന്നു.

എന്ന്, 12-9-2026
ഹർജിഭാഗം അഡ്വക്കെറ്റ്
സി. കെ. വിജയൻ (ഒപ്പ്)

കോടതി പരസ്യം

ബഹു. കുന്നംകുളം കുടുംബ മുമ്പാകെ

MC.32/2026

മൈനർ ഫാത്തിമ സഹറ
Rptd by മാതാവ് ഷെഫീന

-ഹരജിക്കാരി

ജംഷീദ് S/o. മുഹമ്മദ്. ചാലുപറമ്പിൽ ഹൗസ്, നന്നംമുക്ക് പി ഒ., കഞ്ഞിയൂർ അംശം, പള്ളിക്കര ദേശം, പൊന്നാനി താലൂക്ക്

-എതൃകക്ഷി

മേൽ നമ്പർ കേസിൽ എതൃകക്ഷിക്കുള്ള സമൻസ് പതിച്ചു നടത്തുവാൻ അനുവദിച്ച് കേസ് **30-09-2026** തിയതിയിലേക്ക് വെച്ചിട്ടുള്ള വിവരം ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന്, 1-9-2026
ഹരജിഭാഗം അഡ്വക്കെറ്റ്
കെ പി ബക്കർ (ഒപ്പ്)
ചാവക്കാട്

കോടതി പരസ്യം

ബഹു തൃശ്ശൂർ കുടുംബ കോടതി മുമ്പാകെ

OP. 659/2025

ആവണി. സി.എസ്

ഹർജിക്കാരി

അമൽ രവീന്ദ്രൻ, 24 വയസ്സ്, S/o. രവീന്ദ്രൻ, ചാലപ്പുറമീതൽ വീട്, മെൽഹാനിയം വില്ലേജ് ദേശം പേരാമ്പ്ര പി. ഒ., പിൻ : 673 525 കൊയിലാണ്ടി താലൂക്ക്, കോഴിക്കോട് ജില്ല (പേരാമ്പ്ര പോലീസ് സ്റ്റേഷൻ പരിധി)

1-ാം എതൃകക്ഷി

ഇപ്പോൾ താമസം
Al Madina Shopping Centre, Fire Station Road Muwaileh - Muwaileh Commercial Industrial Area - Sharjah -United Arab Emirates

മേൽ നമ്പറിൽ ഹർജിക്കാരി ഭാഗം അഡ്വക്കെറ്റ് ബോധിപ്പിക്കുന്ന പത്രപരസ്യം

മേൽ നമ്പറിൽ 1-ാം എതൃകക്ഷിക്ക് ബഹുമാനപ്പെട്ട കോടതി ഉത്തരവ് പ്രകാരം നോട്ടീസ് കല്പന പത്രത്തിൽ പരസ്യം ചെയ്യാൻ കല്പിച്ച് മേൽനമ്പർകേസ് **24-09-2026** തിയ്യതിക്ക് വെച്ചിരിക്കുന്നു. ആക്ഷേപം ഉള്ളവർ അന്നേ ദിവസം രാവിലെ 11 മണിക്ക് ബഹു: കോടതി മുമ്പാകെ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതാണെന്ന വിവരം ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന് 31-07-2026
ഹർജിക്കാരി ഭാഗം അഡ്വക്കെറ്റ്
പ്രിയങ്ക പി. ബി. (ഒപ്പ്) വടക്കാഞ്ചേരി